20,000 വരെ ജനസംഖ്യയുള്ള പ്രദേശങ്ങളിൽ പൊതുടാപ്പുവഴി വീട്ടുകണക്ഷൻ ഇല്ലാതെ 40 എൽ. പി. സി. ഡി. യും വീട്ടു കണക്ഷൻ ചേർന്ന് 70 മുതൽ 100 എൽ.പി. സി. ഡി. യും ആണ് നൽകുന്നത്. 2000 മുതൽ 1 ലക്ഷം വരെ ജനസംഖ്യയുള്ള പ്രദേശങ്ങളിൽ 100 മുതൽ 150 വരെയും 1 ലക്ഷത്തിനുമുകളിൽ ജനസംഖ്യയുള്ള പ്രദേശങ്ങളിൽ 150 മുതൽ 200 എൽ. പി. സി. ഡി. വരെയും വെള്ളമാണ് ആവശ്യമായി വരുന്നത്.

(ഡി) മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിൽ കൂടുതൽ ജലവിതരണം നടത്തുന്നതിനായി അനുബന്ധമായി പ്രതിപാദിക്കുന്ന പദ്ധതികൾക്ക് രൂപം കൊടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

അത്തിക്കയം, സീതത്തോട് പദ്ധതികളുടെ ഇൻവെസ്റ്റിഗേഷൻ നടപടികളുടെ പുരോഗതി

149 (1726) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അത്തിക്കയം, സീതത്തോട് പദ്ധതികളുടെ ഇൻവെസ്റ്റിഗേഷൻ നടപടികളുടെ പുരോഗതി വിശദീകരിക്കാമോ ;

(ബി) അത്തിക്കയം പദ്ധതിയുടെ ഡി. ഇ. ആർ. സമയബന്ധിതമായി പൂർത്തിയാക്കുവാൻ ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) അത്തിക്കയം പദ്ധതിയുടെയും ചിറ്റാർ-സീതത്തോട് പദ്ധതിയുടേയും സർവ്വേ ജോലി പൂർത്തിയായി.

(ബി) ഇതിനായി ചങ്ങനാശ്ശേരി ഐ. പി. സി. ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

കാഞ്ഞിരപ്പുഴ ഡാമിലെ ചോർച്ച

150 (1727) ശ്രീ. കളത്തിൽ അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാഞ്ഞിരപ്പുഴ ഡാമിൽ ചോർച്ചയുണ്ടെന്ന വിവിധ മാധ്യമങ്ങളിലെ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ഡാമിന്റെ ഷട്ടറിനു താഴെയുള്ള വിള്ളൽ പരിഹരിക്കാൻ എന്തെങ്കിലും അടിയന്തിര നടപടി ഗവൺമെന്റ് സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly